പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1528 15.06.2012 ൽ മറുപടിയ്ക്ക്

## ശ്രുതിതരംഗം പദ്ധതി

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുവേണ്ടിയുള്ള ശ്രുതി തരംഗം പദ്ധതിയിൽ എന്ത് തുകയാണ് ധനസഹായമായി അനുവദിക്കുന്നത് ; | എ | ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയ്ക്കുവേണ്ടി ഒരു കുട്ടിയ്ക്ക് സർജറി നടത്തുവാനായി ബന്ധപ്പെട്ട കമ്പനികളുമായി നിലവിലുള്ള ധാരണ പ്രകാരം, 4,56,521/- രൂപ വിലയിലുള്ള കോക്ലിയാർ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രി കൾക്ക് നൽകുകയും അതിനു ശേഷം മാപ്പിംഗിനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപയുമാണ് അനുവദി ക്കുന്നത്. |
| ബി | ഇതിൽ 3 വയസ്സിനു മുകളി ലുള്ള അർഹരായ കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | ബി | മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്കാണ് വിജയകരമായി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുവാൻ സാധിക്കുന്നത്. ഡോക്ടർമാർ അടങ്ങിയ സ്ക്രീനിംഗ് കമ്മറ്റിയുടെ അനുകൂല റിപ്പോർട്ടുണ്ടെങ്കിൽ അഞ്ചു വയസുവരെയുള്ള കുട്ടി കളുടെ കാര്യവും പരിഗണിക്കും. |
| സി | ശ്രുതി തരംഗം പദ്ധതിയുടെ നടപടി ക്രമങ്ങൾ വിശദ മാക്കുമോ ? | സി | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തി നായി അപേക്ഷിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പദ്ധതി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ടെക്നിക്കൽ കമ്മറ്റികൾക്ക് പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന് അയച്ചുകൊടുക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും വൈകല്യം മാറ്റിയെടുക്കാൻ സാധിക്കുമെന്ന് റീജിയണൽ ടെക്നിക്കൽ കമ്മറ്റി കണ്ടെത്തി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മറ്റി തെരഞ്ഞെടുക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യും. മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്കാണ് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ ഏറ്റവും നല്ല ഫലം ലഭിക്കുവാൻ സാധ്യതയുള്ളത്. |

R. Vijayakumari

സെക്ഷൻ ഓഫീസർ